പത്രക്കുറിപ്പ്

# ലോക്ക്ഡൗൺ:

# കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി

# ഇന്ന് മുതൽ 9 വരെ കർശന പരിശോധന

# അന്തർ സംസ്ഥാന വാഹനമോഷണ സംഘം പിടിയിൽ

## കോവിഡ്-19 ലോക്ക്ഡൗൺ സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 535 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- രോഗവ്യാപനം തടയുന്നതിനും മരണനിരക്ക് കുറച്ച് കൊണ്ട് വരുന്നതിനുമായി, ലോക്ക്ഡൗൺ നിയന്ത്രണങ്ങളുടെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച പുതിയ ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഇന്ന് മുതൽ 9-ാം തിയതി വരെ പോലീസ് പരിശോധന കർശനമാക്കിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

നിലവിൽ ലോക്ക്ഡൗൺ ഇളവുകളുടെ ഭാഗമായി പ്രവർത്തനാനുമതി നൽകിയ അവശ്യ വിഭാഗങ്ങൾ ഒഴികെയുള്ള വിപണന സ്ഥാപനങ്ങൾ ഇന്ന് മുതൽ ജൂൺ 9 വരെ പ്രവർത്തിക്കാൻ പാടില്ല. അവശ്യ വസ്തുക്കൾ വിൽക്കുന്ന കടകൾ, മെഡിക്കൽ സ്റ്റോറുകൾ , വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ അസംസ്കൃത

വസ്തുക്കളും മറ്റും (പാക്കേജിംഗ് ഉൾപ്പെടെ) വിൽക്കുന്ന സ്ഥാപനങ്ങൾ, നിർമ്മാണ സാമഗ്രികൾ വിൽക്കുന്ന കടകൾ എന്നിവ മാത്രമേ ഒൻപതാം തിയതി വരെ പ്രവർത്തിക്കാൻ പാടുള്ളൂ. തുറന്ന് പ്രവർത്തിക്കാൻ അനുവാദമുള്ള വ്യാപാര സ്ഥാപനങ്ങളിൽ കോവിഡ് പ്രോട്ടോക്കോൾ കർശനമായും പാലിക്കേണ്ടതും സർക്കാർ അനുവദിച്ചിട്ടുളള സമയക്രമം കൃത്യമായും പാലിക്കേണ്ടതുമാണ്.

അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കും അവശ്യസർവ്വീസ് വിഭാഗങ്ങൾക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മറ്റു വിഭാഗങ്ങളിൽപ്പെട്ടവർക്കും മാത്രമേ യാത്ര അനുവദിക്കുകയുള്ളൂ. നിലവിൽ പാസ് അനുവദിച്ചിട്ടുള്ളവരിൽ ഒഴിവാക്കാൻ കഴിയാത്ത മെഡിക്കൽ സേവനങ്ങൾ പോലുള്ള ആവശ്യങ്ങൾക്ക് മാത്രമേ ഒൻപതാം തിയതി വരെ യാത്ര അനുവദിക്കുകയുള്ളൂ. അനാവശ്യയാത്ര നടത്തുന്നവർക്കെതിരെയും, യാത്രാ പാസ്സുകൾ ദുരുപയോഗം ചെയ്യുന്നവർക്കെതിരെയും പോലീസ് കർശന നടപടി സ്വീകരിക്കും. സർക്കാർ അനുവദിച്ചിട്ടുള്ള അവശ്യ സർവ്വീസ് വിഭാഗങ്ങളിൽ പ്രവർത്തിയെടുക്കുന്നവർ ജോലി സ്ഥലത്തേയ്ക്കും തിരികെയും നിശ്ചിത സമയങ്ങളിൽ മാത്രം യാത്ര ചെയ്യേണ്ടതും ഇവർ ഔദ്യോഗിക തിരിച്ചറിയൽ കാർഡും മേലധികാരിയുടെ സർട്ടിഫിക്കറ്റും കൈയ്യിൽ കരുതേണ്ടതുമാണ്.

ഫ്ളാറ്റുകളിൽ കോവിഡ് പോസിറ്റീവ് ശ്രദ്ധയിൽപ്പെട്ടാൽ, ഏത് ഫ്ളാറ്റിലാണ് രോഗബാധയുള്ളതെന്ന് നോട്ടീസ് ബോർഡിലൂടെ അറിയിക്കേണ്ടതും വിവരം പോലീസ് സ്റ്റേഷനിലും,

ആരോഗ്യ, നഗരസഭ, അധികൃതരെയും അറിയിക്കേണ്ടതാണ്. അതാത് ഫ്ളാറ്റുകളിലെ റസിഡൻസ് അസോസിയേഷനുകൾ നിർബന്ധമായും ഇക്കാര്യങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതാണെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. കോവിഡ് രോഗ നിയന്ത്രണത്തിനായി സർക്കാരും പോലീസും ഏർപ്പെടുത്തിയിരിക്കുന്ന സുരക്ഷ നടപടികളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണമെന്നും വിലക്ക് ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ കർശന നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

## അന്തർ സംസ്ഥാന വാഹന മോഷണ സംഘം പിടിയിൽ

തിരുവനന്തപുരം:- തിരുവനന്തപുരം ജില്ലയിലും തമിഴ്നാട്ടിലുമായി നിരവധി വാഹനമോഷണം നടത്തിയ സംഘത്തെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കോട്ടുകാൽ പുന്നക്കുളം മേക്കതിൽ മേലെ പുത്തൻവീട്ടിൽ



കോവളം പോലീസ് അറസ്റ്റ് ചെയ്ത
വിഷ്ണു (18), ആദിത്യൻ(18), സൂരജ് (19)

മണികണ്ഠൻ എന്ന് വിളിക്കുന്ന വിഷ്ണു (18), വെങ്ങാനൂർ പനയംകുന്ന് ആനന്ദ് നിവാസിൽ ആദിത്യൻ (18), കോട്ടുകാൽ പുത്തളം കുഴിവിളക്കോണം കോളനിയിൽ കണ്ണൻ എന്ന് വിളിക്കുന്ന സൂരജ് (21), എന്നിവരെയാണ് കോവളം പോലീസ് അറസ്റ്റ് ചെയ്തത്.

കോവളം വാഴമുട്ടത്തെ ഫ്രൂട്ട്സ് കടയിൽ സ്ഥിരമായി സാധനങ്ങൾ മോഷണം നടക്കുന്നത് സംബന്ധിച്ചുള്ള അന്വേഷണത്തിലാണ് പ്രതികൾ കുടുങ്ങിയത്. കഴിഞ്ഞ ദിവസം രാത്രി മോഷണം നടത്താനെത്തിയ പ്രതികളെ പോലീസ് നൈറ്റ് പട്രോളിംഗ് പാർട്ടി പിടികൂടുകയായിരുന്നു. പ്രതികൾ ഓടിച്ചു വന്ന വാഹനങ്ങൾ മോഷണ വാഹനമാണെന്ന് കണ്ടെത്തുകയും ചെയ്തു. തുടർന്ന് ഡെപ്യൂട്ടി കമ്മീഷണർ ഡോ. വൈഭവ് സക്സേനയുടെ നിർദ്ദേശാനുസരണം സിറ്റി ഷാഡോ പോലീസ് ടീം കോവളം എസ്.എച്ച് .ഒ യുടെ നേതൃത്വത്തിൽ ചോദ്യം ചെയ്തതിലും മറ്റ് അന്വേഷണങ്ങൾ നടത്തിയതിലും പ്രതികൾ നിരവധി വാഹനങ്ങൾ മോഷ്ടിച്ചതായി തെളിഞ്ഞിട്ടുണ്ട്. ഇരുചക്രവാഹനങ്ങൾ മോഷ്ടിച്ചെടുത്ത് രാത്രി കറങ്ങി നടന്ന് വ്യാപാര സ്ഥാപനങ്ങളിലും മറ്റും മോഷണം നടത്തുകയും, മോഷണ വാഹനങ്ങൾ പൊളിച്ച് പാർട്സുകൾ വിൽപ്പന നടത്തുകയും, എൻജിനുകൾ മറ്റു വാഹനങ്ങളിൽ മാറ്റി വെച്ച് ഉപയോഗിക്കുന്നതുമാണ് സംഘത്തിന്റെ രീതി. പോലീസ് പിടിക്കുമെന്ന് തോന്നിയാൽ വാഹനങ്ങൾ വഴിയിൽ ഉപേക്ഷിക്കുകയും ചെയ്യും. സംഘം മോഷ്ടിച്ചെടുത്ത 5 വാഹനങ്ങൾ പോലീസ് കണ്ടെടുത്തിട്ടുണ്ട്. കൂടാതെ വട്ടിയൂർക്കാവ്, തിരുവല്ലം, വലിയതുറ, വഞ്ചിയൂർ, നേമം,

പാറശാല, പൂവാർ, കളിയിക്കാവിള, തമിഴ്നാട്ടിലെ ഊരമ്പ്, മാർത്താണ്ഡം എന്നീ സ്റ്റേഷൻ പരിധികളിൽ നിന്നും സംഘം വാഹനങ്ങൾ മോഷണം നടത്തിയതായി സൂചന ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രതികളെ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ അന്വേഷണം നടത്തുമെന്ന് ഡെപ്യൂട്ടി കമ്മീഷണർ ഡോ.വൈഭവ് സക്സേന അറിയിച്ചു.

കോവളം ഇൻസ്പെക്ടർ ശ്രുപേഷ് രാജിന്റെ നേതൃത്വത്തിൽ എസ്.ഐ ഗംഗാ പ്രസാദ്, എ.എസ്.ഐ സന്തോഷ്, ശ്രീകുമാർ, സിവിൽ പോലീസ് ഓഫീസർമാരായ ഷിജു, ബിജേഷ്, ഷൈജു, രാജേഷ് ബാബു, ശ്യാംകൃഷ്ണ, സന്തോഷ്, ഷിജിൻ, അരുൺനാഥ്, ലജീവ്, ശ്രീകാന്ത്, അരുൺ, നൂറുൾ അമീൻ, ഹോംഗാർഡ് ജിനിൽജിത്ത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## ലോക്ക് ഡൗൺ വിലക്ക് ലംഘനം: 535 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ലോക്ക്ഡൗൺ ദിനമായ ഇന്നലെ (04-06-2021) നാല് മണിവരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 535 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 80 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 220 പേരിൽ നിന്നും സാമൂഹിക അകലം

പാലിക്കാത്ത 17 പേരിൽ നിന്നുമായി 1,18,500/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 214 വാഹനങ്ങൾക്കെതിരെയും ലോക്ക്ഡൗൺ മാനദണ്ഡങ്ങൾ പാലിക്കാത്ത 4 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 345 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
04-06-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി